# പിഞ്ഛരിക



GHSS BISONVALLEY

# അണിയറയിൽ പ്രവർത്തിച്ചവർ...

## പ്രവീൺ മണികണ്ഠൻ
## അനശ്വര ബാബു
## സ്നേഹ ഹരിദാസ്
## അശ്വതി പ്രദീപ്



# ആശംസ...

ബൈസൺവാലി ഗവൺമെൻ്റ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ വിദ്യാർത്ഥികൾ തയ്യാറാക്കിയ 'പിഞ്ചരിക' എന്ന പേരിലുള്ള ഡിജിറ്റൽ മാഗസീൻ സ്കൂളിന് ഒരു മുതൽക്കൂട്ടാണ്.

പഠന,കല,കായിക മേഖലകളിൽ തിളക്കമാർന്ന വിജയം കൈവരിച്ചുകൊണ്ടിരിക്കുന്ന ബൈസൺവാലിയിലെ ചുണക്കുട്ടികൾ ,ഡിജിറ്റൽ മാഗസീൻ നിർമാണത്തിലും തങ്ങളുടെ പ്രതിഭ തെളിയിച്ചിരിക്കുന്നു. ഈ സന്ദർഭത്തിൽ ഉദ്യമരായ മുഴുവൻ കുട്ടികൾക്കും, അവർക്ക് വഴികാട്ടിയ എൻ്റെ സഹപ്രവർത്തകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

ബൈസൺവാലി
23-01-2020

സ്നേഹത്തോടെ,
ഹെഡ്മാസ്റ്റർ
ചന്ദ്രദാസ്. എ
sd/-

## ഉള്ളടക്കം

മാമ്പഴക്കാലം....4
മാമ്പഴം....8
മുത്തശ്ശി....9
അമ്മ....10
തൊട്ടി....11
മാനം....13
കാർഷിക പുരഗതിയും മനുഷ്യനും....14
കുടാനാര്???....15
ഉപ്പുകൃഷി....16
നിറം....21
ഒരു തുള്ളി ദാഹനീരിനായി....23
രാജകുമാരി....27
പൂന്തെന്നൽ....28
കുയിലിൻെറ ഗീതം....30
കാക്ക....32
നന്മയുള്ള കേരളം....33
മഴക്കാലം....34
ഭ്രമിയിലെ കാഴ്ചകൾ....35
കരണ്ട്....39

# മാതൃഹൃദയത്തിൻെറ ചാഞ്ചാട്ടം...

അമ്മതൻ മാറിൽ കിടന്നും

കൊഞ്ചിയമ്മിഞ്ഞി മെല്ലെ നുകർന്നും

വശ്യമാം പുഞ്ചിരി തൂകും

കണ്ണാ, കണ്ണുകളൾക്കുണ്ടോ മയക്കം?



ചാഞ്ചക്കം ചാഞ്ചക്കം ചാലേ-

യഞ്ചാതെ തൊട്ടിലൊരിക്കി

പഞ്ചമം പാടിയുറക്കാ-

നല്ലീ പഞ്ചമിയായി ഞാൻ വന്നു

കോമളരൂപനാമുണ്ണീ...

കാല്യകാലേയുണർവ്വിനുറങ്ങൂ.......

അനശ്വര ബാബു

# മാമ്പഴക്കാലം

മുത്തശ്ശിമാവിലെ മാങ്ങ പഴുത്തപ്പോൾ
കിട്ടുണ്ണിയണ്ണാനു തേൻമാങ്ങ വേണം
പച്ചിലമേട്ടിലെ തത്തമ്മപ്പെണ്ണിലും
തേനൂറും മാമ്പഴമേറേ വേണം
മാവിൻ്റ ചോട്ടിലമ്മുറ്റത്തു മേവുന്ന
ചട്ടൻ മുയലിനും മാങ്ങ വേണം
കൊതിയോടെ മാമ്പഴം തിന്നുവാനെത്തിയ
തത്തമ്മപ്പെണ്ണിനു വാശിയായി
മാമ്പഴമൊന്നുമേ ബാക്കി വച്ചീടാതെ
മുഴുവനും താൻവ താന്നെ
കിട്ടുണ്ണിയണ്ണാനും മോഹം
മുളച്ചുപോയ്
മാമ്പഴം മുഴുവനും ഞാനെടുക്കും
ഒരു കൊച്ചു മാമ്പഴപ്പൂളുപോലും
തീർച്ച
മറ്റുള്ളോർക്കാക്കും കൊടുക്കുകില്ല
കിട്ടുണ്ണിയണ്ണാനും തത്തമ്മപ്പെണ്ണും
വാശിയിൽ മാമ്പഴമൊന്നൊന്നായി
തിന്നുതീർത്തീടുവാൻ മാവിന്മേൽ പാർപ്പായി



അജിത്ത് രാജേഷ്

## പക്ഷിയും വേടനും കാക്കയും

കാട്ടിലൊരു കൂട്ടിലൊരു

കൂട്ടുകാരൻ ചെന്നു.

നീട്ടിനിട്ടിപാട്ടുപാടാൻ

കൂട്ടുകാരി ചേർന്നു.

കൂട്ടിൽ നിന്നു പാട്ടു കേട്ടു

വേടനൊരാൾ വന്നു.

നേടനപ്പോളമ്പെടുത്തു

ലാക്കുനോക്കി നിന്നു.

കാട്ടുമരച്ചുവട്ടിലൊരു

കാക്ക ചെന്നു.

കാക്കയുടെ കൊത്തുകൊണ്ട്

വേടൻ വീണു പൊത്തോ!!!!

അനന്തു കെ ആർ



# ടിപ്പു സുൽത്താൻ

ഇതൊരു കടുവയുടെ കഥയാണ്.ഈ കടുവയ്ക്ക് സ്വർണ-ഓറഞ്ചു നിറമില്ല.ശരീരത്തിൽ കറുത്ത വരകളുമില്ല എന്നു മാത്രം.ഈ കടുവ ജീവിച്ചിരുന്നത് കാട്ടിലുമല്ല.

ഇത് ടിപ്പുസുൽത്താൻ്റ കഥയാണ്.മൈസൂർ വ്യാഘ്രം !ടിപ്പു കടുവയെന്നറിയപ്പെട്ടതെങ്ങനെ?

200 വർഷങ്ങൾക്ക്മുമ്പ് മൈസൂർ രാജ്യം ഭരിച്ചിരുന്ന ധീരനായ ദേശസ്നേഹിയായീരുന്നു ടിപ്പു സുൽത്താൻ.മൈസൂറിനും ബാംഗ്ലൂരിനും ഇടയ്ക്ക് കാവേരി നദിയുടെ ശാഖകൾ ചേർന്ന ഒരു ദ്വീപുണ്ടായിരുന്നു. ശ്രീരംഗപട്ടണമെന്ന ഈ ദ്വീപായിരുന്നു ടിപ്പുവിൻ്റ തലസ്ഥാനം. വടക്ക് കൃഷ്ണനദി തെക്ക് ദിണ്ടിഗൽ പടിഞ്ഞാറ് മലബാർ ,കിഴക്ക് പൂർവഘട്ട മലനിരകളുടെ താഴ്വാരങ്ങൾ-നാല് വശങ്ങളിലേക്കും വിസ്തൃതമായി കിടന്നിരുന്ന സാമ്രാജ്യമായിരുന്നു ടിപ്പുവിൻേറത്.

ഇന്നു മൈസൂർ കർണാടകസംസ്ഥനത്തിലെ ഒരുനകരമാണ്.ദിണ്ടിഗൽ തമിഴ്നാട്ടിലും ,മലബാർ കേരളത്തിലുമാണ്.

ഒരു പുരോഹിതനാകാൻ ഉഴിഞ്ഞുവച്ച ആളായിരുന്നു ടിപ്പു എന്നതാണ് രസകരം!

ആനന്ദ് സജി

# തെങ്ങും പനയും!!!

തെങ്ങിൽ തെങ്ങോല

പനയിൽ പനയോല

തെങ്ങോലയ്ക്കും കണ്ടോ നിറമൊന്ന്.....

തോങ്ങിനു തടിയൊന്ന്

പനയ്ക്കും തടിയൊന്ന്

തെങ്ങും പനയും മുടിതൊട്ടടിവരെ

ഉതകാതില്ലൊന്ന്...

എല്ലാം ഗുണമൊന്ന്

വന്നാലതു നന്ന്

എന്നും കുന്നും നമ്മൾക്കില്ലൊരു

മെച്ചം മറ്റൊന്ന്....!!!

അനശ്വര ബാബു

# മാമ്പഴം

കാണാത്ത മാമ്പഴം കണ്ട




കൊതിച്ച ഞാൻ ....

കാണാത്ത  കാടിനെ

തേടിയലഞ്ഞു.....

മധുരമൂറും ആ നറു മാമ്പഴം

കൊതിയോടെ ഞാനൊന്നു കാത്തിരുന്നു ....

പറയുവാൻ മറന്നു...കാണാൻ മറന്നു...

കാട്ടിലെ തേൻകനി

തേടിയലഞ്ഞു.......

അനശ്വര ബാബു

# മുത്തശ്ശി

മുറുക്കാൻ ചെല്ലമെടുത്തൊരു മുത്തശ്ശി
മുതുകുവളഞ്ഞൊരു മുത്തശ്ശി
മുറ്റം നിറയെ മുറുക്കിത്തുപ്പി
മുടന്തിനടന്നു മുത്തശ്ശി.
കൊച്ചുമിടുക്ക കേൾക്കണമീക്കഥ-
യൊത്തിരി ബദ്ധശത്രുക്കൾ
വെറ്റിലപാക്കും ചുണ്ണാമ്പും പോയ്-
യുദ്ധം ചെയ്തുമരിച്ചപ്പോൾ
ഇറ്റിയചോരയിടക്കവരൊക്കെ
തുപ്പുകയാണിന്നറിയാതെ.
ചത്തവർ കുഴിയിൽ താണുകഴിഞ്ഞാൽ
യുദ്ധമടങ്ങും ഗൃഹശാന്തം........

ശ്രീകുമാർ ശ്രീനിവാസൻ

## അമ്മ

ഒരിടത്ത് നല്ല ഒരു അമ്മയും മക്കളും ഉണ്ടായിരുന്നു.അവർ നല്ല ഒരു ജീവിതം നയിക്കുകയായിരുന്നു.ആ അമ്മയ്ക്ക് മക്കളെ ജീവനു തുല്യം ഇഷ്ട്ടമായിരുന്നു .പക്ഷെ അവർ അമ്മയെ സ്നേഹിച്ചിരുന്നുന്നില്ല. പക്ഷേ അവർക്കു വേണ്ടി അമ്മ രാവും പകലും എന്നില്ലാതെ കഷ്ട്ടപ്പെടുകയാണ് ചെയുന്നത്.എന്നാൽ മക്കൾക്ക് ആ ഒരു വിചാരം ഇല്ല .അത് ആ അമ്മയുടെ മനസ്സിൽ വളരെ വേദന ഉണ്ടാക്കിയിരുന്നു.അതിവ വിഷമത്താൽ അമ്മയുടെ മനസ്സ് വിലപ്പിച്ചു. ഒരുനാൾ മക്കൾ സത്യം മനസ്സിലയാപ്പോൾ ഇനി ഒരിക്കലും അമ്മയോട് തെറ്റയി ഒന്നും പറയരുത് എന്ന് മനസ്സിലക്കുകയും ചെയ്തു. അങ്ങനെ ഒരു ദിവസം അമ്മ മരിച്ചെന്ന വിഷയം മക്കൾ അറിയുകയും അമ്മയെയോർത്ത് അന്ന് വിഷമിക്കുകയും ചെയ്യുന്നു. നമ്മൾ ഒരിക്കലും അമ്മയെ കുറ്റപ്പെടുത്തുകയോ ശകരിക്കുകയോ ഒന്നും ചെയ്യാൻ പാടില്ല .നമ്മുടെ ജീവിതത്തിൽ അമ്മയാണ് എല്ലാം .



അഞ്ജലി അജേഷ്

# തൊട്ടി

നട്ടുച്ചപ്പൊരിവെയിലത്ത്
തൊട്ടിക്കേറ്റം ദാഹിച്ചു
തൊട്ടി കിണറ്റിലെക്ക്
പിന്നേം പിന്നേം മുങ്ങിട്ട്
വെള്ളം പള്ളയിലാക്കിട്ട്
വെക്കം പോന്നു മെലോട്ട്
കണ്ടവരോടതു ചോദിച്ചു
വെള്ളം വേണ്ടവരാരാര്



സോന സജി

# രജനിയുടെ വരവ്



സൂര്യൻെറ കിരണങ്ങൾ മായുന്ന
പനിനീർ പൂവുകളാടുന്ന
ആകാശമാകെ ഇരുളിമ പരക്കുന്ന
മിന്നാമിനുങ്ങുകൾ തപ്പിതടയുന്ന
വെളിച്ചം പരത്തുവാനെത്തിടുന്ന
തൻകൂട്ടിലെത്തുന്ന കിളികൾ
തന്നുടെ പൈതങ്ങളെ തൊട്ടു തലോടുന്ന
രജനിയുടെ വരവിനായ് കാത്തിരിക്കുന്നാളുകൾ
രജനിയെ വരവേൽക്കാനൊരിങ്ങുന്നു.......

അഞ്ജലി ഷാജി

# മാനം

മാനം കറുകറുത്തൊരു
സുന്ദരിയായി അണിഞ്ഞൊരുങ്ങി.
മലകളും പുഴകളും അരുവിയും കാടുമെല്ലാം
അവളെ നോക്കി നിന്നു .
പാറിപ്പറക്കുന്ന തത്തയെല്ലാം
അവളെ തൊട്ടു പറന്നു .
ഇടിമിന്നലുകൾ അവളോട്
ഇഷ്ടം കൂടി.
അവളവളുടെ ഇണയെ തേടി.
ഭൂമി അവളോട് ചോദിച്ചു?
നീ വരുമോ എന്നെ തേടി....................



അശ്വതി പ്രദീപ്

## കാർഷിക പുരഗതിയും മനുഷ്യനും

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു അവർക്ക് ഒരു മകൻ ഉണ്ടായിരുന്നു മകൻ ഒരു കർഷകനായിരുന്നു.അതിമനോഹരമായ പൂന്തോട്ടമുണ്ടായിരുന്നു. ഒരു ദിവസം എല്ലായെപ്പോഴും അവനെ സഹായിക്കുന്നത് . മുത്തശ്ശിയായിരുന്നു കുട്ടിയുടെ പേര് ആകാശ് എന്നായിരുന്നു. അവൻ കാർഷികപുരോഗതിയി ഉണ്ടായിരുന്നു അച്ചൻ ഒരു ടീച്ചർ ആയിരുന്നു. അവർ വളരെ പാവപ്പെട്ടവരായിരുന്നു.ആകാശ് പശുവിനെ
വളർത്തുമായിരുന്നു,പിന്നെ പക്ഷിയും ,ആട് എന്നിങ്ങനെ പലതരം ജോലിയും അവൻ ചെയ്യും അമ്മ ഒരു രോഗിയായിരുന്നു. ഒരു ദിവസം അവനെ സഹായിക്കുന്ന മുത്തശ്ശി മരിച്ചു പോയി. അവന് വളരെ സങ്കടമായിരുന്നു അത് അവന് സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല .മുത്തശ്ശി മരിക്കാൻ ഇടയായത് അവരുടെ മകൻ കാരണമാണ്.

മകൻ അത് ഓർത്ത് നട്ടുവിടുകയായിരുന്നു.അത് അവനിലുണ്ടായ ഏറ്റവും വലിയസങ്കടമായിരു
ന്നു.കർഷകൻ ഒരിക്കലും വേദനിക്കാൻ പാടില്ല എന്ന് മനസില്ലാക്കാൻ തുടങ്ങി.

അതുല്യ ബാബു

# കൂടാനാര്???

പാലു കുടിക്കാനമ്മ വിളിച്ചാൽ

മേലു കുളിക്കാൻ ചേച്ചി വിളിച്ചാൽ.

പാറി നടക്കും തുമ്പികൾ പിമ്പേ,

കൂടാനോടാനോടാനാരാണ്??????

അനന്തു കെ ആർ



# ഉപ്പുകൃഷി....

പണ്ട് പണ്ട് അറേബ്യയിൽ അമീർ എന്നും സമീർ എന്നും പേരുള്ള രണ്ടു സഹോദരന്മാർ താമസിച്ചിരിന്നു. ഒരു കൃഷിക്കാരൻെറ മക്കളായിരുന്നു അവർ. കൃഷിക്കാര്യങ്ങൾ നോക്കിനടത്തേണ്ട ജോലി സമീറിനും അമീറിനുമായി. എന്നാൽ അവർ എങ്ങനെയൊക്കെ കൃഷി ചെയ്തിട്ടും വിളവ് കിട്ടിയില്ല. ആളുകൾ അവരെ നോക്കി കളിയാക്കാൻ തുടങ്ങി. ഒരു ദിവസം സമീർ അമീറിനോടു പറഞ്ഞു. നമ്മുക്ക് നന്നായി വിളവു കട്ടുന്ന വല്ല കൃഷിയും ചെയ്യണം. ഇല്ലേൽ വീട് പട്ടിണിയാവും. അന്നു രാത്രി അവർ ഭക്ഷണം തയാറാക്കിയപ്പോഴാണ് ഒരു കാര്യം ശ്രദ്ധിച്ചത്, ഉപ്പ് തീർന്നിരിക്കുന്നു. അങ്ങനെ കുറെ ദിവസം കഴിഞ്ഞു. ഉപ്പു  വയലിൽ  ചില മുളകൾ പൊട്ടിത്തുടങ്ങി. കുറേ ദിവസങ്ങൾ കുടി കഴിഞ്ഞപ്പോൾ വിചിത്രമായ ചില ചെടികൾ വളരാൻ തുടങ്ങി. അതേതൊ കാട്ടു ചെടികളാ, ഉപ്പു വിതച്ചിടത്ത് അല്ലാതെന്ത് വളരാനായ?.  ഒരു ദിവസം സമീറും അമീറും വയൽക്കരയിൽ നിൽക്കുകയായിരുന്നു. അപ്പോൾ അതു വഴി പോയ ഒരു വ്യാപാരി അവർക്കടുത്തു ചെന്നു.  എന്നിട്ടു  പറഞ്ഞു. ഇതു മുന്തിയിനം ബാർളിയാണ്. ഇതു ഞാൻ എടുക്കാം,  നല്ല വിലയും തരാം. അതു കേട്ട് സമീറിനും അമീറിനും സന്തോഷമായി. അവരെ കളിയാക്കിയവർ പിന്നെ ഒരക്ഷരം മിണ്ടിയില്ല.........

അതുല്യ ബാബു

# കുഴിയിൽ വീണ പന്ത്...

പരീക്ഷയിയെല്ലാം കഴിഞ്ഞ സന്തോഷത്തിലായിരുന്നു രാമു. വീട്ടിലെത്തിയപാടെ അവൻ ടെന്നീസ് ബോളുമായി കളിക്കാനായിറങ്ങി. തോട്ടത്തിൽ ജോലിക്കാരൻ ചെടികൾ നനച്ച് നിൽക്കുകയിരന്നു. അതുകൊണ്ട് കുറച്ച് മാറിയാണ് രാമുവും ,കൂട്ടുകാരും കളിച്ചത്.

കളിക്കുന്നതിനിടയിൽ രാമുവിൻെറ പന്ത് തോട്ടത്തിലെ ഒരു കുഴിയിൽ വീണു . രാമു കുഴിയിൽ കൈയ്യിട്ടു. കൈ പന്ത് കിടക്കുന്നിടം വരെ എത്തുന്നില്ല. രാമുവിന് വിഷമമായി.

അനന്തു ടി.സി





# കുട്ടനാടൻ പുഞ്ചയിൽ...

ഇഞ്ചത്താലെ ചെല്ലം പെണ്ണെ
ഇഞ്ചിയിൽ വെച്ചേ ചവിട്ടും പെണ്ണെ
കവിതത്താലേ ചെല്ലം പെണ്ണെ
കൈതവട്ടി വലിക്കും പെണ്ണേ...


കുട്ടനാടൻ പുഞ്ചയിലെ
ചുണ്ടൻ വള്ളം ചുരുട്ടുവള്ളം
തൊഴത്തും കൊണ്ടേ കടകടന്നേ
കറുത്തപെണ്ണെ  കറുത്തപ്പെണ്ണെ

ഞാറുനട്ടേ കളപപറിച്ചേ
വളമെറിഞ്ഞേ കൊരവയിട്ടെ
കളകളെല്ലാം കരിഞ്ഞുവന്നേ.....

സന്തോഷ് ശിവൻ



# നിറം



നിറം പലതരം

നീലപുവ് നീലാകാശം തീർത്തു.

നീലാ കാശം നീലസാരിയായീ.

പുത്തൻഉടുപ്പിലെ പൂക്കുട്ടം ചുമപ്പ്.

പുത്തൻ പാവാടയിലെ കറുത്തപുള്ളിക്കുട്ടം.

പുള്ളിപ്പാവാട.
നിറങ്ങളുടെ പലതരം നിറങ്ങളും

വെള്ള ,മഞ്ഞ ,പച്ച,കറുപ്പ്

ഇക്കുട്ടത്തില് പുക്കളുടെ നിറമല്ല ഞനാര്?
കറുപ്പ് കറുകറുപ്പ് കണ്ണിന്കാന്തിയേകും

കളറാണ്.ഭുമിയുടെ പുതപ്പാണ്പൂക്കളുടെ കുടെകാണം ഞനാണ്

പച്ച പച്ചപ്പാടം

സൂര്യന്കതിരേകും ഞനാരാണ്?
മഞ്ഞ മഞ്ഞനിറത്തിലായി പഴുത്തവാഴപ്പഴം
കണ്ണുകളിലെ കണ്ണ്പ്പോള ഞനാണ വെള്ള
വെള്ളുത്തമേഘക്കുട്ടമായി..................

ലക്ഷ്മി

# ആരാ സുന്ദരി ....?

ചുവന്ന സുന്ദരി തക്കളി
മുള്ളു ഉടുപ്പിട്ട പാവയ്ക്ക
തമ്മിൽ തമ്മിൽ വഴക്കിട്ടു
ആരാ സുന്ദരി ഞാനെന്ന് .....
ഏഷണി കേറ്റി കാന്താരി
പിടിച്ചു മാറ്റി തടിയൻക
വക്കലെത്തിനു ചുണ്ടയ്ക്ക
കണ്ടു രസിക്കൻ വെണ്ടയ്ക്ക ....
പെരു വയറുള്ളൊരു മത്തങ്ങ
ഉരുണ്ടു വന്നതറിഞ്ഞില്ല
ചടപട പൊട്ടി പാവയ്ക്ക
ചപ്പുളു ചളുപുളു തക്കാളി......

സ്നേഹ ഹരിദാസ്

# ഒരു തുള്ളി ദാഹനീരിനായി.....

ലോകമെങ്ങും ചുട്ടുപ്പൊള്ളിയിരിക്കുന്നു ...

പുഴകളും തോടുകളും വരണ്ടുണങ്ങിയിരിക്കുന്നു .....

പച്ച നിറഞ്ഞ പ്രകൃതിയിന്ന്



വരണ്ടുണങ്ങിയിരിക്കുന്നു....

ഒരു തുള്ളിദാഹനീരിനായി

ജീവികൾ പരക്കം പായുന്നു....

ചെടികൾ വാടി കരിഞ്ഞു

ലോകത്തെങ്ങും മരണഭയത്തിൻെറ

ഭീതികൾ മാത്രം ....

ഒരു തുള്ളി ദാഹനീരിനായി

കാത്തിരിക്കുന്ന ലോകം....

സുനുമോള് സുരേഷ്

# ചങ്ങാതിക്കൂട്ടം

ഒരിടത്ത് ഒരു ആന കുരങ്ങും ഉണ്ടായിരുന്നു ഇവർ ചങ്ങാതിയായിരുന്നു. ഇവർ കാട്ടിനകത്തുക്കൂടി കളിച്ചുനടക്കുകയായിരുന്നു . ആന ഒരു അഭകടത്തിൻ പെട്ടു. കുരങ്ങിനു രക്ഷിക്കാൻ കഴിഞ്ഞില്ല . കുരങ്ങു രക്ഷിക്കാൻ നോക്കിയിട്ടും സാധിച്ചില്ല. കയരുപയോഗിച്ച് ആനയെ രക്ഷിക്കാൻ നോക്കി പക്ഷെ നടന്നില്ല.കുരങ്ങൻ ഓടിപ്പോയി ആളുക്കളെ വിളിച്ചുകൊണ്ടുവന്നു . എല്ലാവരും ചേർന്ന് ആനയെ രക്ഷിച്ചു.

പ്രവീണ്



## രാജകുമാരിയുടെ സ്വയംവരം...

ഉദയപുരത്തെ ഉദയവർമ്മ രാജാവിന് ഒരു മകളുണ്ടായിരുന്നു. അവൾ സുന്ദരിയും സുശീലയുമായിരുന്നു. വൈഭവത്തിൽ അവളെ തോൽപ്പിക്കാൻ ആരും ഉണ്ടായിരിന്നില്ല. അവൾക്കു വിവാഹപ്രായമായി. മകൾക്കനുയോജ്യനായ ഒരു വരനെ കണ്ടെത്താൻ രാജാവ് തീരുമാനിച്ചു. ഭംഗിയുള്ളവർ ധാരാളമുണ്ട് പക്ഷെ ബുദ്ധിയുള്ളവർ കുറവാണ്. അതിനാൽ ഒരു പരീക്ഷണത്തിലൂടെ വരനെ കണ്ടെത്താൻ രാജാവ് തീരുമാനിച്ചു.

സ്വയംവരത്തിൽ വരുന്നവർ രാജാവിനെ മുഖം കാണിക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. രാജാവിവനെ കാണാൻ ഏഴു വാതിലുകൾ കടന്നെത്തുകയും വേണം. ഓരോ വാതിൽക്കലും ഓരോ വാതിൽക്കലും ഒരോ കാവൽക്കാരുണ്ടാകും.



ജയകുമാർ അജിമോൻ

# രാജകുമാരി

പണ്ട് പണ്ട് വളരെ ശാന്തമായ ഒരു ഭൂമിയിലെ ഒരു മനോഹരമായ സ്ഥലത്ത്

മനോഹരിയായ രാജകുമാരി ഉണ്ടായിരുന്നു.അവളുടെ പേര് നൂർജഹാൻ എന്നായിരുന്നു.
ബുദ്ധിമതിയായ അവളുടെ വളർച്ച രാജാവിനും റാണിക്കും വളരെ അതികം ഇഷ്ടപ്പെട്ടു.രാജാവും
റാണിയും അവളെ സുമുഹനായ രാജകുമാരനെ കൊണ്ട് വിവാഹം ചെയിക്കാൻ തുരുമാനിച്ചു.
അവർ വിവാഹത്തിനുള്ള ഒരുക്കം തുടങ്ങാൻ പറഞ്ഞു.വരൻ നല്ലവനും ബഹുമാനമുള്ളവനും
ബുദ്ധിമാനുമായിരിക്കണം കുമാരി വളരെ അധികം സന്തോഷിച്ചു. പക്ഷേ ഇത് ഒരുപാട് കാലം
ആ സന്തോഷം നിലനിന്നില്ല.
പക്ഷെ ഇത് കൊട്ടാരവാസികളായ ആർക്കും ഇഷ്ടപ്പെട്ടില്ല.കാരണം അവളെ മറ്റൊരാക്ക്
വിവാഹം ചെയ്ത് അയക്കാൻ അവർക്ക് താല്പര്യമില്ലായിരുന്നു. അതിനുവേണ്ടി അവർ പലതും
ചെയ്തു.കുമാരിയെ വിവാഹം കഴിക്കാൻ വന്നവരെ അവർ ഭയപ്പെടുത്തി ഓടിച്ചു.
ഒരു ദിവസം രാജാവ് ഇത് കണ്ടെത്തി. രാജാവ് വളരെ കുപിതനായി.അവരെ കൊട്ടാരത്തില് നിന്നും പുറത്താക്കി.
ഒരു ദിവസം രാജാവ് കുമാകിക്ക് വിവാഹംനടത്തി .അവർ പിന്നിട് സന്തോഷത്തോടെ ജീവിച്ചു

സ്നേഹ ഹരിദാസ്



# പൂന്തെന്നൽ.....

മനസ്സിൻെറ ഇലകളിൽ
തട്ടിത്തെറിപ്പിച്ച
കുളിരുള്ള വേളയിൽ
തഴുകുവാനെത്തിയ
പ്രിയമാം സ്വപ്നത്തെ
സ്പർശിയായ് ചേർന്നൊരാ
വഴിമാറിപ്പോയൊരാ
പേമാരി പെയ്യൊരു
സായാഹ്ന സന്ധ്യയായ്
വന്നണഞ്ഞീടിനാൽ
നീയെൻെറ ചാരത്തു
ചെറു ചിരി തൂകിയും
താരാട്ടു പാട്ടിനാൽ
എന്നെ തഴുകിയും
വന്നെത്തിയൊരാ
പൂന്തെന്നലേ നിന്നെ
ഒരു നോക്കു തഴുകുവാൻ
കൊതിയായിതാ.....




സോന സജി

ഒരു തുള്ളി ദാഹജലത്തിനായ് കേഴുന്ന മീനുകൾ
ഒരു തുള്ളി ജലത്തിനായ് നോക്കുന്ന മീനുകൾ
ജലധൂളികൾ വറ്റി മുരളുന്ന വേളയിൽ
ഇനിയില്ല ജന്മം ഭൂമിയിൽ
വറ്റി വരളുന്ന പുഴകൾ തനിച്ചായ്
വറ്റി വരളുന്ന പുഴകൾ തനിച്ചായ്
പച്ചപ്പ് മാറുന്നു നീലിമ നശിക്കുന്നു
ആകാശമാകെ എന്തോ പരക്കുന്നു
അതിതീഷ്ണമായിതാ അതിതീഷ്ണമായിതാ
സൂര്യൻെറ ചൂടിനാൽ  ഭൂമി തിളക്കുന്നു
പുൽതണ്ടുകൾ പൊട്ടി വിടർന്നു കരയുന്നു
ഇനിയില്ല ജന്മം ഈ ഭൂമിയിൽ
കൊച്ചു കിളികൾക്കുപോലുമില്ലതിജീവനം

സോന സജി

# കുയിലിൻെറ ഗീതം....

കുയിലുകൾ ഓർത്തു പാടി
കുയിലുതൻ സ്വരരാഗം
കുളിർമയിൽ നേരമായി
തെന്നലേ വീശി നീയോ
മലകളിൽ ഓളമായി
വെയിലുമായി ചാഞ്ഞുനിന്നു ....
ഇലകളിൽ മർമ്മരങ്ങൾ
സ്നേഹമായി നിന്നിടുന്നു ...
മഴശ്രുതിയിൽ താളമാടി
മലകളിൽ ഓളമായി
പൂന്തെന്നലേ നീ
ചാരത്തു നിൽക്കുവാൻ
ഒരു നോക്കു കാണുവാൻ
കൊതിയായിതാ.....



സോന സജി

# വെണ്ണക്കിണ്ണം



വെണ്ണക്കിണ്ണം മണ്ണിൽ മറിഞ്ഞു

ഉണ്ണിക്കുട്ടന കണ്ണുനിഞ്ഞു

വെമണ്ണ കിടച്ചതു മണ്ണുവിഴുങ്ങി.

കിണ്ണം മാത്രം നിന്നു പരുങ്ങീ.......

അനന്തു ടി സി

## കാക്ക

നാടേത്തു കാക്കേ,

വീടേത്തു കാക്കേ

പാടുന്ന പാട്ടേത്തുരാഗം?

പാട്ടൊന്നു കേള്ക്കാൻ

ആട്ടങ്ങള്ക്കാണ്മാൻ

ആളുണ്ടോ കോളുണ്ടോ കാക്കേ?

സ്നേഹ ഹരിദാസ്



# നന്മയുള്ള കേരളം.

നന്മ ചെയ്യാം നമ്മുക്ക് നന്മ ചെയ്യാം
നന്മയുള്ള കേരളം വാർത്തെടുക്കാം.
ചെറുതാണെകിലും നന്മ ചെതാൽ
അത്രയും പുണ്യം വേറയില്ല.
ഒരു ചെറു ചിരികൊണ്ട്
ലോകത്തെ ആനന്ദിപ്പിക്കാം.
ജീവിതത്തിൽ നന്മ ചെയ്താൽ
പിന്നെ ജീവിതം സുരലോകതുല്യം.
ഒരു പുതിയ കേരളത്തെ വാർത്തെടുക്കാം
നമ്മുക്ക് നന്മ നിറഞ്ഞ
കേരളത്തെ വാർത്തെടുക്കാം.....

സുനമോള് സുരേഷ്



## മഴക്കാലം....

കഴിഞ്ഞ കുറേ ദിവസങ്ങളായി മഴ ശക്തിയായി പെയ്തിരുന്നതിനാൽ അപ്പുവിന് അമ്മയോടൊപ്പം കുളക്കടവിലേക്ക് പോകാൻ പറ്റിയിരുന്നില്ല.എന്നാൽ അന്ന് മഴ അൽപ്പം ശമിച്ചിരുന്നതുകൊണ്ട് അപ്പുവിനെ അമ്മ കുളക്കടവിലേക്ക് കൊണ്ടുപോയി .
പതിവില്ലാത്ത വിധം ധാരാളം പരൽ മീനുകൾ പടിയിൽ തുള്ളിക്കളിക്കുന്നത് കണ്ട് അപ്പുവിൻെറ മനസ്സിൽ കൗതുകവും ആഹ്ളാദവും ജനിച്ചു .
അപ്പുവിന് മീൻ പിടിക്കാൻ കൊതി തോന്നി .അമ്മ കണ്ടാൽ കുഴപ്പമാണ് . അപ്പു സൂക്ഷിച്ച് അമ്മയുടെ കണ്ണ് വെട്ടിച്ച് കൽപ്പടവിലിരുന്നു കൈ നീട്ടി മീൻ പിടിക്കാൻ നോക്കിയിട്ടും കഴിഞ്ഞില്ല . അവൻ തിരിച്ച് വീട്ടിൽ പോയിരുന്നു . വിട്ടിൽ വച്ച് അവനെട് അമ്മ എവിടെ പോയതാനെന്ന് ചോദിച്ചു .അതിന് അവൻ മറുപ്പടി പറഞ്ഞില്ല.
അന്ന് രാത്രി അവനിന് രാവിലെ നടന്നിരുന്ന കാര്യത്തെ കുറിട്ടായിരുന്നു ചിന്ത. ആ മനോഹരമായ മിനെക്കുരിച്ചായിരുന്നു അവൻ ചിന്തിച്ചിരുന്നത് . അപ്പുവിന് നിരവധി കുട്ടുക്കാർ ഉണ്ടായിരുന്നു . അവൻ ആ കുട്ടുക്കാരുമായി കളിച്ചിരുന്നു .കളിക്കുന്നത്തിനിടയിൽ അപ്പു നിലത്തുവീണു. അവനു കാലിൽ പരിക്കുപ്പട്ടിയിരുന്നു . അതിനു ശെഷം അവൻ കളിക്കാൻ പോയിരുന്നില്ല............

പ്രവീണ്

## ഭൂമിയിലെ കാഴ്ചകൾ...

*മലകളും കുന്നുകളും പച്ചയാർന്നു*

*ഭൂമിയിലാകെ പച്ചപ്പാർന്നു...*

*മനുഷ്യ മനസ്സുകൾ സ്നേഹത്താൽ*

\

*തലോടി..........*

*തെങ്ങോലകൾ കാറ്റിലാടി*

*ചെടികളും മരങ്ങളും  കാറ്റിലാടി...*

*സസ്യലതാതികളും  ഭൂമിയും*

*സൂര്യകിരണത്താൽ ചിരിച്ചുനിന്നു..*



*അഞ്ജലി ഷാജി*

## നഗരത്തിൽ തനിച്ചായപ്പോൾ....

*ജനലഴികളിലൂടെ ഞാൻ അവളെ നോക്കുകയായിരുന്നു.....ഒരു പക്ഷേ രാത്രിയുടെ ഏകാന്തതയും അവൾക്ക് സമ്മാനിക്കുന്നതതു തന്നെയാവാം,നിലാപക്ഷികൾ പാടുന്നതും അതു തന്നെ..." നീ തനിച്ചല്ല"".....കയ്യിലെ ഭക്ഷണപൊതിയുമായി സാൻഫ്രാൻസിസ്കോയിലെ തെരുവുവീഥികളിലൂടെ അവളുടെ അടുത്തേക്ക് നടന്നു നീങ്ങിയപ്പോൾ അറിയാതെ ഞാനും പറഞ്ഞു "ഹെൻറിയൽ നീ തനിച്ചല്ല..ഞാൻ ഇതാ വരികയായി..." കാറ്റും എന്നോട് മന്ത്രിച്ചു...." വേഗം ചെല്ലു മെഹൽ..." നടന്നു നീങ്ങിയപ്പോൾ ഞാൻ ഓർത്തു അവളുടെ പഴയ ജീവിതം...അതേ എന്തു മനോഹരമായിരുന്നു..എനിക്കു തന്നെ അവളോട് പലപ്പോഴും അസൂയ തോന്നിയിട്ടുണ്ട്..*

*എന്തു രസമായിരുന്നു,അയൽവക്കം കാരായ ഞങ്ങൾ നോക്കിനിന്ന അവരുടെ ആ കുടുംബം...നാട്ടിലെ വിശാലമായ കൃഷിതോട്ടങ്ങളും വലിയ വീടും,അവിടെ ഹെൻറിയലും അവളുടെ അപ്പച്ചനും,അമ്മച്ചിയും,ഹെറൽ, ഹെമിറിൽ എന്ന രണ്ടു കൊച്ചനിയന്മാരും ...എല്ലാവരുടെയും ജീവിതത്തിൽ എന്ന പോലെ സന്തോഷത്തിൻെറ നാളുകൾക്കു ശേഷം കടന്നുവന്ന ദുഖത്തിൻെറ നാളുകൾ അവർക്കുനേരെ തുറന്നു...അവളുടെ അപ്പച്ചൻ നന്നായി കുടിക്കുമായിരുന്നു .അവരുടെ വീട്ടിലെ കാര്യസ്ഥനായിരുന്നു പീറ്റർ.......*

*എപ്പോഴും അവളുടെ അപ്പച്ചൻെറ സ്വത്തിലായി പീറ്ററിൻെറ കണ്ണ്...വൈകാതെ തന്നെ അതു സംഭവിച്ചു .ഹെറിയലിൻെറ  അപ്പച്ചനെ ഒരിക്കൽ രാത്രി കുടിപ്പിച്ചു കിടത്തി അയാൾ സ്വത്തു മുഴുവൻ ചതിയിലൂടെ കൈക്കലാക്കി...പിറ്റേന്ന് ഇതറിഞ്ഞ ഹെൻറിയലിൻെറ അപ്പച്ചൻ കുഴഞ്ഞു വീണു മരിച്ചു...കുടുംബഭാരം താങ്ങാതെയാണ് അവൾ ഇങ്ങോട്ട്  വന്നത്. അവിടെ തനിച്ചായി.*

*അനശ്വര ബാബു*

# മഴ വന്നോരു നേരത്ത്

കാറ്റും മഴയും വന്നീടും
ഇടിയും മിന്നലും വന്നീടും
ഓടു ഒടു കുട്ടികളേ
നനഞ്ഞീടാതെ കുട്ടുകളേ
മഴ വരുന്നൊരു നേരത്ത്
വീട്ടീ പോകാം കുട്ടുകളേ
ആഹാ ആഹാ എന്തു മഴ
സുന്ദരമായ നല്ല മഴ



# മഴ വന്നൂ

മാനളുന്നൊരു മഴ വന്നു

മഴ മഴ മഴ മഴ മഴ വന്നു

മാനത്തുന്നൊരു മഴ വന്നു

മലയുടെ മുകളി തങ്ങാതെ

മാളിക മുകളി തങ്ങാതെ

മഴ മഴ മഴ മഴ മഴ വന്നു

മാനത്തുന്നൊരു മഴ വന്നു.........!

സോന സജി



# കരണ്ട്

കരണ്ട് മാമ കരണ്ട് മാമ
വരുന്നതെവിടുന്ന്
വീടുകളൊത്തിരി കയറിയിറങ്ങി
പോകുവകെങ്ങോട്ട്
അങ്ങു കിഴക്കോരു
മലയുടെ താഴത്തൊരു
വീടുണ്ടുണ്ണീ.......
അവിടെ ജനിച്ചു
നാട്ടിവളർന്നു.....
ഇവിടെയും എത്തി ഞാൻ
ടക്ക് ടക്ക് പായും
പുകയല്ലാത്തൊരു
കരണ്ട് ട്രെയിനുണ്ട്
അതും വലിച്ചൊണ്ട്
ഒടി നടക്കും
പണിക്കു പോകും ഞാൻ...



അഞ്ജലി ഷാജി